



## കാൻസർ Cancer

**Cancer is caused by the uncontrolled division of cells and their spread to other tissues. The normal cells get transformed into cancerous cells when the control system of cell division fails.**
**The disease may become complicated with the spread of cancer cells to other parts of the body through blood and lymph.**

അനിയന്ത്രിതമായ കോശവിഭജനം വഴി കോശങ്ങൾ പെരുകി ഇതര കലകളിലേയ്ക്ക് വ്യാപിക്കുന്ന രോഗാവസ്ഥയാണ് കാൻസർ. കോശവിഭജനപ്രക്രിയയിലെ നിയന്ത്രണ സംവിധാനങ്ങൾ തകരാറിലാകുന്നതോടെയാണ് സാധാരണ കോശങ്ങൾ കാൻസർ കോശങ്ങളായി മാറുന്നത്.
രക്തം, ലിംഫ് എന്നീ ശരീരദ്രവങ്ങളിലൂടെ കാൻസർ കോശങ്ങൾ മറ്റ് ഭാഗങ്ങളിലേയ്ക്ക് വ്യാപിച്ച് രോഗാവസ്ഥ സങ്കീർണമാകാം.









**Surgery, chemotherapy, radiation therapy etc., are extensively used in the treatment of cancer. As recovery from the disease is difficult if the disease becomes severe, early diagnosis of the disease is crucial in the treatment of cancer.**

ശസ്ത്രക്രിയ, രാസചികിത്സ, വികിരണചികിത്സ എന്നിവയെല്ലാം ഇന്ന് കാൻസർ ചികിത്സക്കായി പ്രയോജനപ്പെടുത്താറുണ്ട്. രോഗം മൂർച്ഛിച്ച അവസ്ഥയിൽ രോഗമുക്തി പ്രയാസകരമായതിനാൽ ഏറ്റവും നേരത്തേ രോഗബാധ തിരിച്ചറിയുക എന്നത് കാൻസർ ചികിത്സയിൽ നിർണായകമാണ്.




## Lifestyle diseases (ജീവിതശൈലീരോഗങ്ങൾ)



**Lifestyle diseases are caused by unhealthy living styles. The changes in food habits, lack of physical exercise, mental stress, bad habits like consumption of alcohol, drug abuse, smoking, etc. lead to various lifestyle diseases.**

അനാരോഗ്യകരമായ ജീവിതരീതി ക്ഷണിച്ചുവരുത്തുന്ന രോഗങ്ങളാണ് ജീവിതശൈലീരോഗങ്ങൾ. ഭക്ഷണശീലത്തിൽ വന്ന മാറ്റങ്ങൾ, വ്യായാമമില്ലായ്മ, മാനസികസംഘർഷം, മദ്യപാനം, പുകവലി, മയക്കുമരുന്നുപയോഗം എന്നിവയെല്ലാം ജീവിതശൈലി രോഗങ്ങൾക്ക് കാരണമാകുന്നു.




| രോഗം | കാരണം |
|---|---|
| പ്രമേഹം | ഇൻസുലിന്റെ കുറവോ പ്രവർത്തനവൈകല്യമോ |
| ഫാറ്റി ലിവർ | കരളിൽ കൊഴുപ്പ് അടിഞ്ഞുകൂടുവാൻ ഇടയാകുന്നത് |
| പക്ഷാഘാതം | മസ്തിഷ്കത്തിലെ രക്തക്കുഴലുകൾ പൊട്ടുന്നത്, രക്തപ്രവാഹം തടസ്സപ്പെടുന്നത്. |
| അമിതരക്തസമ്മർദം | കൊഴുപ്പടിഞ്ഞ് രക്തധമനികളുടെ വ്യാസം കുറയുന്നത്. |
| ഹൃദയാഘാതം | ഹൃദയത്തിലേക്ക് രക്തം എത്തിക്കുന്ന കൊറോണറി ധമനികളിൽ കൊഴുപ്പടിഞ്ഞ് രക്തപ്രവാഹം തടസ്സപ്പെടുന്നത്. |

| Disease | Cause |
|---|---|
| Diabetes | deficiency of insulin or its malfunctioning |
| Fatty Liver | deposition of excess fat in the liver |
| Stroke | rupture of blood vessels in the brain, block of blood flow |
| Hypertension | decrease in the diameter of arteries due to deposition of fat |
| Heart attack | block of blood flow due to deposition of fat in coronary arteries which carry blood to the heart. |

പുകവലി മൂലം ഉണ്ടാകാവുന്ന ചില ആരോഗ്യപ്രശ്നങ്ങൾ
**some of the health problems associated with smoking.**



- Stroke
- Addiction to nicotine

- പക്ഷാഘാതം
- നിക്കോട്ടിനോട് വിധേയത്വം



- Lung cancer
- Bronchitis
- Emphysema

- ശ്വാസകോശ കാൻസർ
- ബ്രോങ്കൈറ്റിസ്
- എംഫിസീമ



- Hypertension
- Loss of elasticity of arteries
- Decrease in functional efficiency

- ഉയർന്ന രക്തസമ്മർദം
- ധമനികളുടെ ഇലാസ്തികത നഷ്ടപ്പെടൽ.
- പ്രവർത്തനക്ഷമത കുറയൽ.

## ജന്തുരോഗങ്ങൾ / Animal Diseases

| രോഗം | രോഗകാരി |
|---|---|
| ആന്ത്രാക്സ്, അകിടുവീക്കം | ബാക്ടീരിയ |
| കുളമ്പു രോഗം | വൈറസ് |

| Disease | Pathogen |
|---|---|
| Anthrax, Inflammation of udder | Bacteria |
| Foot and mouth disease | Virus |

## സസ്യരോഗങ്ങൾ / Plant Diseases

| രോഗകാരി | രോഗം |
|---|---|
| ബാക്ടീരിയ | നെൽച്ചെടിയിലെ ബ്ലൈറ്റ് രോഗം, വഴുതനയിലെ വാട്ടരോഗം. |
| വൈറസ് | പയർ, മരച്ചീനി എന്നിവയിലെ മൊസൈക് രോഗം, വാഴയിലെ കുറുനാമ്പു രോഗം. |
| ഫംഗസ് | കുരുമുളകിന്റെ ദ്രുതവാട്ടം, തെങ്ങിന്റെ കൂമ്പുചീയൽ |

| Pathogen | Disease |
|---|---|
| Bacteria | Blight disease in paddy, Wilt disease in brinjal |
| Virus | Mosaic disease in peas and tapioca, Bunchy top of banana |
| Fungus | Quick wilt in pepper, Bud rot of coconut. |







Which among the following is not a bacterial disease?

a. Tuberculosis b. Nipah
c. Diphtheria d. Anthrax

ചുവടെ നൽകിയിരിക്കുന്നവയിൽ ബാക്ടീരിയ രോഗം അല്ലാത്തത് ഏത്?

a. ക്ഷയരോഗം b. നിപ
c. ഡിഫ്തീരിയ d. ആന്ത്രാക്സ്

**For online class of this note**

**For previous notes of online classes**

**For *Interbell* worksheet of this online class Malayalam**

**English**

**For previous worksheets of *Interbell***

**For online evaluation of this online class**

**For All classes *FirstBell* links**

